# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.379 — 26.04.2017-ൽ മറുപടിയ്ക്ക്

## നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം<br>ശ്രീ. ഇ. പി. ജയരാജൻ | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ ഗവൺമെന്റ് നികുതി പിരിവ് കാര്യക്ഷമമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | നികുതി ഭരണം കാര്യക്ഷമമാക്കാനായി സർക്കാർ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.<br>2. ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗ് ഉള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയം തന്നെ അപ് ലോഡ് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുന്നതിനായി നിയമ നിർമ്മാണം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>3. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു.<br>5. റിട്ടേൺ സ്ക്രൂട്ടിനി , കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.<br>6. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.<br>7. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.<br>8. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിററ് വിഭാഗം ശക്തിപ്പെടുത്തി.<br>9. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>10. നികുതി ചോർച്ച ഒഴിവാക്കുന്നതിന്റെ ഭാഗമായി |

| | | | |
|---|---|---|---|
| | | | അനധികൃത മദ്യത്തിന്റെ ഉത്പാദനം, വിതരണം, വിപണനം ഇവ തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പ് മുഖേന നടത്തിവരുന്നു.<br>11. എക്സൈസ് വകുപ്പ് വഴി നൽകുന്ന എല്ലാ ലൈസൻസുകൾക്കും പെർമിറ്റുകൾക്കും മുൻകൂറായി ഫീസ്/നികുതി ഈടാക്കിയ ശേഷമാണ് അനുമതി നൽകുന്നത്. കെ.എസ്.ബി.സി, കൺസ്യൂമർ ഫെഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ഷോപ്പുകളുടെ ലൈസൻസ് ഫീസും റെന്റൽ തുകയും മുൻകൂറായി വാങ്ങിയ ശേഷമാണ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ച് നൽകുന്നത്. എഫ്.എൽ1 ഷോപ്പുകളുടെ ആകെ റെന്റൽ തുകയുടെ 50% ഓരോ വർഷത്തേയ്ക്കും ലൈസൻസ് നൽകുന്ന സമയത്തും ബാക്കി 50% എട്ട് തുല്യ ഗഡുക്കളായി ജൂലൈ മാസം മുതൽ ഫെബ്രുവരി മാസം വരെയായി ഒടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br>12. ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തി.<br>13. 01.011986 മുതൽ 31.03.2010 വരെ കുടിശ്ശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസ്സുകൾ തീർപ്പാക്കുന്നതിനായി ജി.ഒ(പി) നം.74/16/റ്റി.ഡി ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ ജി.ഒ(പി) നം.75/16/റ്റി.ഡി ഉത്തരവ് പ്രകാരവും 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' നടപ്പിൽ വരുത്തി. ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി സെൻട്രൽ പി.ഡബ്ല്യൂ.ഡി മാനദണ്ഡ പ്രകാരമുള്ള വിലനിർണ്ണയത്തിനായി കേരള മുദ്രപത്ര നിയമത്തിൽ 28(ബി) എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു. 2016 ലെ ഫിനാൻസ് ബില്ലിലൂടെ വിലയാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി 6 ൽ നിന്ന് 8 ശതമാനമായി വർദ്ധിപ്പിച്ചു.<br>14. കാലപ്പഴക്കം ചെന്ന വാഹനങ്ങൾക്ക് ഗ്രീൻ ടാക്സ് ഏർപ്പെടുത്തിയതിലൂടെയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെയും നികുതി അടയ്ക്കാത്തതിനാൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ |

| | | | |
|---|---|---|---|
| | | | ലേലം ചെയ്ത് അതിൽ നിന്നും കുടിശ്ശിക വസൂലാക്കുന്നതിലൂടെയും മോട്ടോർ വാഹന വകുപ്പ് മുഖേനയുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായി മുൻ സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് നികുതി പിരിവിൽ വന്ന വർദ്ധനവെത്രയെന്ന് (ശതമാനവും തുകയും പ്രത്യേകമായി) വ്യക്തമാക്കുമോ? | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16, 2016-17 സാമ്പത്തിക വർഷങ്ങളിൽ ഡിസംബർ 31 വരെ ലഭിച്ച നികുതി വരുമാനത്തിൽ വന്ന വർദ്ധനവ് (ശതമാനവും തുകയും) അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| മാസം | നികുതി വരുമാനം (തുക കോടി രൂപയിൽ) | | നികുതി വരുമാനത്തിലെ വർദ്ധനവ് (തുക കോടി രൂപയിൽ) | നികുതി വരുമാനത്തിലെ വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|---|
| | 2015-16 | 2016-17 | | |
| ഏപ്രിൽ | 2534.23 | 2199.63 | -334.60 | -13.20 |
| മെയ് | 3128.41 | 1990.26 | -1138.15 | -36.38 |
| ജൂൺ | 3005.05 | 5082.14 | 2077.09 | 69.11 |
| ജൂലൈ | 3197.63 | 3400.77 | 203.14 | 6.352 |
| ഓഗസ്റ്റ് | 3069.49 | 3391.01 | 321.52 | 10.47 |
| സെപ്റ്റംബർ | 3480.54 | 2654.05 | -826.49 | -23.74 |
| ഒക്ടോബർ | 3218.13 | 3855.44 | 637.31 | 19.80 |
| നവംബർ | 2939.18 | 4415.58 | 1476.4 | 50.23 |
| ഡിസംബർ | 3151.64 | 3225.8 | 74.16 | 2.35 |

Jeyanth
സെക്ഷൻ ഓഫീസർ